**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2284** **16-03-2022 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സാമ്പത്തിക സ്ഥിതി പരിശോധിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടേണ്ട നിരവധി പേർ എ.പി.എൽ ലിസ്റ്റിലായതും നിരവധി അനർഹർ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്ന പരിഹാരത്തിനായി നിലവിൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സാമ്പത്തിക സ്ഥിതി നേരിട്ട് വീട്ടിൽ എത്തി പരിശോധിക്കുന്നതിന് ബന്ധപ്പെട്ട റേഷനിങ്ങ് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുമോ; കൂടാതെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാനായുള്ള അപേക്ഷകരെ ഹിയറിങ്ങിന് താലൂക്ക്, ജില്ലാ സപ്ലൈ ഓഫീസിൽ വിളിപ്പിക്കുന്നതിന് പകരം നേരിട്ട് അപേക്ഷകരുടെ വീട്ടിൽ എത്തി സാമ്പത്തിക സ്ഥിതി പരിശോധിക്കാൻ ഓഫീസർമാർക്ക് ഉത്തരവ് നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കോവിഡ് മഹാമാരിക്കാലത്ത് നേരിട്ട് വീട്ടിൽ എത്തി പരിശോധന നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടായിരുന്നതിനാൽ മുൻഗണനാ അപേക്ഷകരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നേരിൽ കാണുന്നതിന് സമയം നിശ്ചയിച്ച് അവരെ താലൂക്ക് സപ്ലൈ ഓഫീസിസിൽ വിളിച്ച് വരുത്തിയും ഫോൺ മുഖേന ബന്ധപ്പെട്ടുമാണ് അർഹതയുള്ളപക്ഷം നിലവിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി വരുന്നത്. മുൻഗണനാ വിഭാഗത്തിൽ പ്പെടാത്തവരും ഗുരുതരമായ രോഗം ബാധിച്ച് ചികിത്സ നടത്താൻ സാമ്പത്തിക ബുദ്ധിമുട്ടുള്ളവരുമായവരുടെ അപേക്ഷകളിൽ അപ്പോൾത്തന്നെ പരിശോധന നടത്തി മുൻഗണന കാർഡുകൾ നൽകി വരുന്നു. ജീവനക്കാരുടെ അഭാവവും മറ്റ് കാരണങ്ങൾ കൊണ്ടും ഫീൽഡ് തല പരിശോധന നടത്താൻ പ്രായോഗിക പരിമിതി നിലവിലുണ്ട്. എന്നാലും ലഭ്യമാകുന്ന അപേക്ഷകളിൽ ആവശ്യമെങ്കിൽ നേരിട്ട് അന്വേഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ